പതിനാറാം കേരളനിയമസഭ

ബിൽ നമ്പർ 12

# 2026-ലെ കേരള തൊഴിലാളി വിനിമയവും നിയമനവും ബിൽ

(ശ്രീ. കുറുക്കോളി മൊയ്തീൻ എം.എൽ.എ. നോട്ടീസ് നൽകിയത്)

©

കേരളനിയമസഭാ സെക്രട്ടേറിയറ്റ്

2026

കേരളനിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

പതിനാറാം കേരളനിയമസഭ
ബിൽ നമ്പർ 12

# 2026-ലെ കേരള തൊഴിലാളി വിനിമയവും നിയമനവും ബിൽ

(ശ്രീ. കുറുക്കോളി മൊയ്തീൻ എം.എൽ.എ. നോട്ടീസ് നൽകിയത്)

1285/2026.

പതിനാറാം കേരളനിയമസഭ

ബിൽ നമ്പർ 12

# 2026-ലെ കേരള തൊഴിലാളി വിനിമയവും നിയമനവും ബിൽ

(ശ്രീ. കുറുക്കോളി മൊയ്തീൻ എം.എൽ.എ. നോട്ടീസ് നൽകിയത്)

തൊഴിലാളികളുടെ രജിസ്ട്രേഷൻ, തൊഴിലാളികളുടെ തൊഴിൽസന്നദ്ധതയും ലഭ്യതയും രേഖപ്പെടുത്തൽ, തൊഴിലുടമകൾക്കും തൊഴിലാളികൾക്കും ഇടയിൽ വിനിമയ-നിയമന സംവിധാനം സൃഷ്ടിക്കൽ, ഡിജിറ്റൽ പ്ലാറ്റ്ഫോം മുഖേന തൊഴിലവസരങ്ങൾ ഏകോപിപ്പിക്കൽ, വേതന മാർഗ്ഗനിർദേശങ്ങൾ, ഉപയോക്തൃഫീസ്, പരാതിനിവാരണ സംവിധാനം എന്നിവയ്ക്കും അതിനോടനുബന്ധമായ കാര്യങ്ങൾക്കും വ്യവസ്ഥ ചെയ്യുന്നതിനുള്ള

ഒരു

ബിൽ

കേരള സംസ്ഥാനത്തിന്റെ നിയമസഭയിൽ ചേർന്നുകൂടിയിരിക്കുന്നവർ ഇപ്രകാരം നിയമമാക്കുന്നു:—

1. ഹ്രസ്വശീർഷകം, വ്യാപ്തി, പ്രാബല്യം.—(1) ഈ നിയമത്തിന് '2026-ലെ കേരള തൊഴിലാളി വിനിമയവും നിയമനവും നിയമം' എന്ന പേർ പറയാം.

(2) ഇത് കേരളം സംസ്ഥാനമൊട്ടാകെ ബാധകമായിരിക്കും.

(3) സർക്കാർ ഗസറ്റിൽ പ്രസിദ്ധീകരിക്കുന്ന വിജ്ഞാപനത്തിലൂടെ നിശ്ചയിക്കുന്ന തീയതി മുതൽ ഈ നിയമം പ്രാബല്യത്തിൽ വരുന്നതാണ്; വ്യത്യസ്ത വ്യവസ്ഥകൾക്കായി വ്യത്യസ്ത തീയതികൾ സർക്കാർ നിശ്ചയിക്കാവുന്നതാണ്.

2. നിർവചനങ്ങൾ.—ഈ നിയമത്തിൽ, സന്ദർഭം മറ്റുവിധം ആവശ്യപ്പെട്ടുന്നില്ലെങ്കിൽ,—

(അ) "തൊഴിലാളി" എന്നു പറയുന്നത്, വേതനം സ്വീകരിച്ചുകൊണ്ട് പ്രത്യേക സാങ്കേതിക യോഗ്യതയോ ഔപചാരിക നൈപുണ്യപരിശീലനമോ ആവശ്യപ്പെടുന്ന ജോലികളിൽ ഏർപ്പെടുന്നതും പ്രത്യേക സാങ്കേതിക യോഗ്യതയോ ഔപചാരിക നൈപുണ്യപരിശീലനമോ നിർബന്ധമല്ലാത്ത ശാരീരികമോ സാധാരണ സേവനപരമോ ആയ ജോലികളിൽ ഏർപ്പെടുന്നതും ആയ വ്യക്തിയെ സൂചിപ്പിക്കുന്നു;

(ആ) "വിനിമയ-നിയമന കേന്ദ്രം" എന്നു പറയുന്നത് ഈ നിയമപ്രകാരം സ്ഥാപിക്കപ്പെടുന്ന തൊഴിലാളി വിനിമയ-നിയമന കേന്ദ്രം ആകുന്നു;

(ഇ) "തദ്ദേശസ്വയംഭരണ സ്ഥാപനം" എന്ന പറയുന്നത് ഗ്രാമപഞ്ചായത്ത്, മുനിസിപ്പാലിറ്റി, മുനിസിപ്പൽ കോർപ്പറേഷൻ എന്നിവയെ സൂചിപ്പിക്കുന്നു;

(ഈ) "രജിസ്റ്റർ ചെയ്ത തൊഴിലാളി" എന്ന പറയുന്നത് ഈ നിയമപ്രകാരം രജിസ്റ്റർ ചെയ്യപ്പെട്ട തൊഴിലാളിയെ സൂചിപ്പിക്കുന്നു;

(ഉ) "തൊഴിൽദാതാവ്" എന്ന പറയുന്നത് തൊഴിലാളിയുടെ സേവനം പ്രതിഫലത്തിന് ആവശ്യപ്പെടുന്ന വ്യക്തി, വ്യാപാരസ്ഥാപനം, കരാറുകാരൻ, കൂട്ടായ്മ, കമ്പനി, ഏജൻസി, സംഘം, അല്ലെങ്കിൽ മറ്റേതെങ്കിലും സ്ഥാപനത്തെ സൂചിപ്പിക്കുന്നു;

(ഊ) "യൂണിക് തിരിച്ചറിയൽ നമ്പർ" എന്ന പറയുന്നത് രജിസ്റ്റർ ചെയ്ത ഓരോ തൊഴിലാളിക്കും ഈ നിയമപ്രകാരം അനുവദിക്കുന്ന പ്രത്യേക തിരിച്ചറിയൽ നമ്പറാണ്;

(എ) "ഡിജിറ്റൽ പ്ലാറ്റ്ഫോം" എന്ന പറയുന്നത് ഈ നിയമപ്രകാരം സൃഷ്ടിക്കപ്പെടുന്ന വെബ്സൈറ്റ്, മൊബൈൽ ആപ്ലിക്കേഷൻ, കോൾ-സപ്പോർട്ട് സംവിധാനം എന്നിവ ഉൾപ്പെടുന്ന ഇലക്ട്രോണിക് സംവിധാനമാണ്;

(ഏ) "നിശ്ചിത അധികാരി" എന്ന പറയുന്നത് ഈ നിയമപ്രകാരം സർക്കാർ അല്ലെങ്കിൽ തദ്ദേശസ്വയംഭരണ സ്ഥാപനം നിയോഗിക്കുന്ന അധികാരിയെയാണ്;

(ഐ) "ഉപയോക്തൃഫീസ്" എന്ന പറയുന്നത് ഈ നിയമപ്രകാരം നിശ്ചയിക്കുന്ന സേവനഫീസിനെ സൂചിപ്പിക്കുന്നു.

3. <u>തൊഴിലാളി വിനിമയ-നിയമന കേന്ദ്രങ്ങളുടെ സ്ഥാപനം</u>.—(1) സർക്കാർ, സംസ്ഥാനത്തെ ഓരോ ഗ്രാമപഞ്ചായത്ത്, മുനിസിപ്പാലിറ്റി, മുനിസിപ്പൽ കോർപ്പറേഷൻ തലങ്ങളിലും ആവശ്യാനുസരണം തൊഴിലാളി വിനിമയ-നിയമന കേന്ദ്രങ്ങൾ സ്ഥാപിക്കേണ്ടതാണ്.

(2) കേന്ദ്രം ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ മേൽനോട്ടത്തിലും സർക്കാർ നിശ്ചയിക്കുന്ന മാർഗ്ഗനിർദേശങ്ങൾക്കും ചട്ടങ്ങൾക്കും വിധേയമായും പ്രവർത്തിക്കേണ്ടതാണ്.

(3) ഓരോ കേന്ദ്രവും നേരിട്ടുള്ള സേവനത്തോടൊപ്പം ഡിജിറ്റൽ പ്ലാറ്റ്ഫോം മുഖേനയും സേവനം നൽകേണ്ടതാണ്.

4. <u>തൊഴിലാളികളുടെ രജിസ്ട്രേഷൻ</u>.—(1) ഈ നിയമപ്രകാരം സേവനം ലഭ്യമാക്കാൻ ആഗ്രഹിക്കുന്ന തൊഴിലാളി, താമസിക്കുന്നതോ സാധാരണയായി ജോലി അന്വേഷിക്കുന്നതോ ആയ തദ്ദേശസ്വയംഭരണ സ്ഥാപന പരിധിയിലെ വിനിമയ-നിയമന കേന്ദ്രത്തിൽ രജിസ്റ്റർ ചെയ്യാവുന്നതാണ്.

(2) രജിസ്ട്രേഷൻ അപേക്ഷയിൽ സർക്കാർ നിർദേശിക്കുന്ന വിവരങ്ങൾ, പ്രത്യേകിച്ച്,—

(അ) പേര്, വയസ്, വിലാസം, തിരിച്ചറിയൽരേഖകൾ, സാക്ഷ്യപത്രങ്ങൾ;

(ആ) മൊബൈൽ നമ്പർ ഉൾപ്പെടെയുള്ള ബന്ധപ്പെടാനുള്ള വിവരങ്ങൾ;

(ഇ) ചെയ്യാൻ താത്പര്യമുള്ള ജോലികളുടെ സ്വഭാവം;

(ഈ) ജോലി ലഭ്യമാകുന്ന ദിവസങ്ങൾ, സമയങ്ങൾ, പ്രദേശപരിധി;

(ഉ) പ്രവൃത്തിപരിചയം ലഭ്യമായാൽ;

(ഊ) ബാങ്ക് വിവരങ്ങൾ, ആവശ്യമായാൽ എന്നിവ ഉൾക്കൊള്ളേണ്ടതാണ്.

(3) അപേക്ഷ പരിശോധനയ്ക്കുശേഷം യോഗ്യനായ അപേക്ഷകനു രജിസ്ട്രേഷൻ അനുവദിച്ച് യൂണിക് തിരിച്ചറിയൽ നമ്പർ നൽകേണ്ടതാണ്.

(4) രജിസ്ട്രേഷൻ, പുതുക്കൽ, റദ്ദാക്കൽ എന്നിവ സംബന്ധിച്ച വ്യവസ്ഥകൾ ചട്ടങ്ങൾ വഴി നിർണ്ണയിക്കാവുന്നതാണ്.

(5) കേരളം സംസ്ഥാനത്തിനകത്ത് താമസിക്കുന്ന തൊഴിലാളികൾ കുറഞ്ഞത് അഞ്ചുവർഷമായി പ്രസ്തുത വ്യക്തിയെ നേരിട്ട് അറിയാമെന്ന് സാക്ഷ്യപ്പെടുത്തിക്കൊണ്ട് ഒരു ഗസറ്റഡ് ഉദ്യോഗസ്ഥൻ നൽകുന്ന സാക്ഷ്യപത്രം, പോലീസ് ക്ലിയറൻസ് സർട്ടിഫിക്കറ്റ് എന്നിവയിൽ ഏതെങ്കിലും ഒന്നും കേരളം സംസ്ഥാനത്തിന് പുറത്തുള്ള തൊഴിലാളികൾ പോലീസ് ക്ലിയറൻസ് സർട്ടിഫിക്കറ്റും രജിസ്ട്രേഷന് വേണ്ടി ഹാജരാക്കേണ്ടതാണ്.

5. തൊഴിലാളികളുടെ പ്രാദേശിക രജിസ്റ്റർ.—(1) ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനവും തന്റെ പരിധിയിലുള്ള രജിസ്റ്റർ ചെയ്ത തൊഴിലാളികളുടെ ഡിജിറ്റൽ രജിസ്റ്റർ പരിപാലിക്കേണ്ടതാണ്.

(2) തൊഴിലാളിയുടെ തൊഴിൽ മേഖല, ജോലിക്ക് സന്നദ്ധത, ലഭ്യത, മുൻഗണനാ പ്രദേശം, പ്രവൃത്തിപരിചയം എന്നിവ രജിസ്റ്ററിൽ ഉൾപ്പെടുത്തേണ്ടതാണ്.

(3) രജിസ്റ്റർ സർക്കാർ നിശ്ചയിക്കുന്ന രീതിയിൽ സംസ്ഥാനതല ഏകീകൃത ഡിജിറ്റൽ പ്ലാറ്റ്ഫോമുമായി ബന്ധിപ്പിക്കേണ്ടതാണ്.

6. സംസ്ഥാനതല ഡിജിറ്റൽ പ്ലാറ്റ്ഫോം.—(1) സർക്കാർ, തദ്ദേശസ്വയംഭരണ വകുപ്പ് മുഖേനയോ സർക്കാർ നിശ്ചയിക്കുന്ന ഏജൻസിമുഖേനയോ, സംസ്ഥാനവ്യാപകമായി പ്രവർത്തിക്കുന്ന തൊഴിലാളി വിനിമയ-നിയമന ഡിജിറ്റൽ പ്ലാറ്റ്ഫോം വികസിപ്പിക്കുകയും പരിപാലിക്കുകയും ചെയ്യേണ്ടതാണ്.

(2) പ്ലാറ്റ്ഫോമിൽ കുറഞ്ഞത് താഴെപ്പറയുന്ന സൗകര്യങ്ങൾ ഉണ്ടായിരിക്കണം:—

(അ) തൊഴിലാളികളുടെ രജിസ്ട്രേഷൻ, പുതുക്കൽ, ലഭ്യത രേഖപ്പെടുത്തൽ;

(ആ) തൊഴിലുടമയുടെ രജിസ്ട്രേഷൻ, തൊഴിലാവശ്യങ്ങൾ രേഖപ്പെടുത്തൽ;

(ഇ) തൊഴിലാവശ്യങ്ങൾക്കും ലഭ്യമായ തൊഴിലാളികൾക്കും ഇടയിൽ പൊരുത്തപ്പെടുത്തൽ;

(ഈ) തൊഴിലാളികൾക്ക് എസ്.എം.എസ്., മൊബൈൽ ആപ്പ് അറിയിപ്പ്; അല്ലെങ്കിൽ സ്വയംപ്രേരിത ശബ്ദസന്ദേശം മുഖേന ജോലി വിവരം കൈമാറൽ;

(ഉ) തൊഴിലുടമയ്ക്ക് തൊഴിലാളിയെ തിരഞ്ഞെടുക്കാനും ബുക്ക് ചെയ്യാനും ഉള്ള സൗകര്യം;

(ഊ) ഫീസ് അടയ്ക്കൽ, രസീത് സൃഷ്ടിക്കൽ, രേഖസംരക്ഷണം;

(എ) പരാതിനിവാരണ സംവിധാനം;

(ഏ) സർക്കാർ നിർദേശിക്കുന്ന മറ്റ് അനുബന്ധ സൗകര്യങ്ങൾ.

7. തൊഴിലാളിയുടെ തൊഴിൽസന്നദ്ധത അറിയിക്കൽ.—(1) രജിസ്റ്റർ ചെയ്ത തൊഴിലാളിക്ക് ജോലിയില്ലാത്ത ദിവസങ്ങളിലോ, താൽക്കാലികമായോ സ്ഥിരമായോ ജോലി ലഭ്യമല്ലാത്ത സാഹചര്യത്തിലോ, താൻ ജോലി ചെയ്യാൻ സന്നദ്ധനാണെന്ന് വിനിമയ-നിയമന കേന്ദ്രത്തെ അറിയിക്കാവുന്നതാണ്.

(2) ഉപവകുപ്പ് (1) പ്രകാരമുള്ള അറിയിപ്പ് താഴെപ്പറയുന്ന ഏതെങ്കിലും മാർഗ്ഗത്തിൽ നൽകാവുന്നതാണ്,—

(അ) കേന്ദ്രത്തിൽ നേരിട്ട് ഹാജരായി;

(ആ) മൊബൈൽ ആപ്ലിക്കേഷൻ വഴി;

(ഇ) വെബ്സൈറ്റ്/ഡിജിറ്റൽ പ്ലാറ്റ്ഫോം വഴി;

(ഈ) സർക്കാർ നിശ്ചയിക്കുന്ന മറ്റേതെങ്കിലും ഇലക്ട്രോണിക് അല്ലെങ്കിൽ ഓഫ്‌ലൈൻ മാർഗ്ഗം വഴി.

(3) തൊഴിലാളിയുടെ ലഭ്യത സംബന്ധിച്ച വിവരം രജിസ്റ്ററിൽ തത്സമയം അല്ലെങ്കിൽ നിർദേശിക്കപ്പെടുന്ന സമയപരിധിക്കുള്ളിൽ പുതുക്കേണ്ടതാണ്.

8. <u>തൊഴിലുടമയുടെ രജിസ്ട്രേഷനും തൊഴിലാവശ്യവും</u>.—(1) തൊഴിലാളികളെ ആവശ്യമുള്ള തൊഴിലുടമ, വിനിമയ-നിയമന കേന്ദ്രത്തിലോ ഡിജിറ്റൽ പ്ലാറ്റ്ഫോമിലോ രജിസ്റ്റർ ചെയ്യേണ്ടതാണ്.

(2) തൊഴിലുടമ തൊഴിലാവശ്യവുമായി ബന്ധപ്പെട്ട് ജോലി സ്വഭാവം, ആവശ്യമായ തൊഴിലാളികളുടെ എണ്ണം, ജോലി നടക്കുന്ന സ്ഥലം, സമയദൈർഘ്യം, ജോലി തുടങ്ങുന്ന തീയതി/സമയം, നൽകേണ്ട കൂലി, മറ്റ് അനുബന്ധ വിവരങ്ങൾ എന്നിവ രേഖപ്പെടുത്തേണ്ടതാണ്.

(3) വിനിമയ-നിയമന കേന്ദ്രം, തൊഴിലുടമയുടെ ആവശ്യത്തിനനുസരിച്ച് രജിസ്റ്റർ ചെയ്ത തൊഴിലാളികളിൽ നിന്ന് യോഗ്യരായവരെ കണ്ടെത്തുന്നതിനുള്ള സഹായം നൽകേണ്ടതാണ്.

9. <u>തൊഴിലാളികളുടെ തിരഞ്ഞെടുപ്പും നിയമനസൗകര്യവും</u>.—(1) തൊഴിലുടമയ്ക്ക് ഡിജിറ്റൽ പ്ലാറ്റ്ഫോം വഴിയോ വിനിമയ-നിയമന കേന്ദ്രത്തിന്റെ സഹായത്തോടെയോ ആവശ്യത്തിനനുസൃതമായ തൊഴിലാളിയെ അല്ലെങ്കിൽ തൊഴിലാളികളെ തിരഞ്ഞെടുക്കാവുന്നതാണ്.

(2) തൊഴിലുടമയുടെ തിരഞ്ഞെടുപ്പിനെ തുടർന്ന് ബന്ധപ്പെട്ട തൊഴിലാളിക്ക് അല്ലെങ്കിൽ തൊഴിലാളികൾക്ക് ഡിജിറ്റൽ സന്ദേശം, മൊബൈൽ അറിയിപ്പ്, അല്ലെങ്കിൽ സ്വയംപ്രേരിത ടെലിഫോൺ കോൾ എന്നിവ വഴി ജോലി വിവരം അറിയിക്കേണ്ടതാണ്.

(3) തൊഴിലാളി ജോലി സ്വീകരിക്കുന്നതിനെ തുടർന്ന്, ബന്ധപ്പെട്ട തൊഴിലുടമയുടെയും തൊഴിലാളിയുടെയും വിവരങ്ങൾ ഡിജിറ്റൽ പ്ലാറ്റ്ഫോമിൽ രേഖപ്പെടുത്തേണ്ടതാണ്.

(4) തൊഴിലാളിയെ തിരഞ്ഞെടുക്കുകയും ജോലി ഉറപ്പാക്കുകയും ചെയ്യുന്ന നടപടിക്രമങ്ങൾ ചട്ടങ്ങൾ വഴി നിർണ്ണയിക്കാവുന്നതാണ്.

10. <u>ഉപയോക്തൃഫീസ്</u>.—(1) വിനിമയ-നിയമന കേന്ദ്രത്തിലൂടെയോ ഡിജിറ്റൽ പ്ലാറ്റ്ഫോം വഴിയോ തൊഴിലാളിയെ ബുക്ക് ചെയ്യുന്ന തൊഴിലുടമയിൽ നിന്ന് സർക്കാർ നിശ്ചയിക്കുന്ന പരിധിയിൽ ഉപയോക്തൃഫീസ് ഈടാക്കാവുന്നതാണ്.

(2) ഉപയോക്തൃഫീസിന്റെ നിരക്ക്, ഇളവ്, അടയ്ക്കുന്ന രീതി, ഫീസ് വിനിയോഗം എന്നിവ ചട്ടങ്ങൾ വഴി നിർണ്ണയിക്കേണ്ടതാണ്.

(3) ചെറുകിട വ്യക്തിഗത തൊഴിൽ ആവശ്യങ്ങൾ, ദുരന്തസാഹചര്യങ്ങൾ, സാമൂഹ്യനീതി അടിസ്ഥാനത്തിലുള്ള പ്രത്യേക വിഭാഗങ്ങൾ എന്നിവയ്ക്ക് സർക്കാർ ഇളവോ ഒഴിവാക്കലോ അനുവദിക്കാവുന്നതാണ്.

11. <u>വേതനനിരക്ക്, രസീത്, രേഖസംരക്ഷണം</u>.—(1) വിനിമയ-നിയമന കേന്ദ്രം വഴി ലഭ്യമാക്കുന്ന തൊഴിലുകൾക്കായി, ജോലിയുടെ സ്വഭാവം, സമയദൈർഘ്യം, പ്രാദേശിക സാഹചര്യം, നിലവിലുള്ള കുറഞ്ഞ വേതന വ്യവസ്ഥകൾ, ബന്ധപ്പെട്ട തൊഴിൽനിയമങ്ങൾ എന്നിവ പരിഗണിച്ച് സർക്കാർ മാർഗ്ഗനിർദേശങ്ങൾ പുറപ്പെടുവിക്കാവുന്നതാണ്.

(2) തൊഴിലുടമ തൊഴിലാളിക്ക് നൽകേണ്ട പ്രതിഫലം സർക്കാർ നിർദേശിക്കുന്ന രീതിയിൽ നേരിട്ടോ ഡിജിറ്റൽ മാർഗ്ഗത്തിലോ നൽകേണ്ടതാണ്.

(3) പ്രതിഫലം നൽകിയ വിവരം രസീത്, ഡിജിറ്റൽ രേഖ, അല്ലെങ്കിൽ സർക്കാർ അംഗീകരിച്ച മറ്റേതെങ്കിലും രേഖാമൂലം തെളിയിക്കേണ്ടതാണ്.

(4) ഈ നിയമപ്രകാരം നടപ്പിലാകുന്ന ഇടപാടുകളുടെ രേഖകൾ നിർദ്ദിഷ്ട കാലയളവിൽ സംരക്ഷിക്കേണ്ടതാണ്.

12. <u>രജിസ്റ്റർ ചെയ്ത തൊഴിലാളികളുടെ അവകാശങ്ങൾ</u>.—ഈ നിയമപ്രകാരം രജിസ്റ്റർ ചെയ്ത തൊഴിലാളിക്ക്,—

(അ) തന്റേതായ രജിസ്ട്രേഷൻ വിവരങ്ങൾ പരിശോധിക്കാനും ആവശ്യമായ തിരുത്തൽ ആവശ്യപ്പെടാനും;

(ആ) ജോലി ലഭ്യതയും അറിയിപ്പുകളും സമയബന്ധിതമായി ലഭിക്കാനും;

(ഇ) നിയമപ്രകാരമുള്ള പ്രതിഫലവും മാന്യമായ ജോലി സാഹചര്യവും ലഭിക്കാനും;

(ഈ) വിവേചനരഹിതമായ പരിഗണന ലഭിക്കാനും;

(ഉ) പരാതിനിവാരണ സംവിധാനത്തെ സമീപിക്കാനും അവകാശമുണ്ടായിരിക്കും.

13. <u>പരാതിനിവാരണ സംവിധാനം</u>.—(1) ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനവും ഈ നിയമത്തിന്റെ ആവശ്യങ്ങൾക്ക് വേണ്ടി ഒരു പരാതിനിവാരണ സംവിധാനം ഒരുക്കേണ്ടതാണ്.

(2) തൊഴിലാളിയോ തൊഴിലുടമയോ രജിസ്ട്രേഷൻ, ബുക്കിംഗ്, അറിയിപ്പ്, പ്രതിഫലം, തെറ്റായ വിവരങ്ങൾ, സേവനത്തിലെ വീഴ്ച എന്നിവ സംബന്ധിച്ച് പരാതി സമർപ്പിക്കാവുന്നതാണ്.

(3) പരാതികളുടെ പരിഹാരത്തിനുള്ള സമയപരിധിയും നടപടിക്രമവും ചട്ടങ്ങൾ വഴി നിർണ്ണയിക്കാവുന്നതാണ്.

14. <u>നിരീക്ഷണവും പരിശോധനയും</u>.—(1) സർക്കാർ ഈ നിയമത്തിന്റെ നടപ്പാക്കൽ നിരീക്ഷിക്കുന്നതിനായി സംസ്ഥാനതലത്തിലും ജില്ലാ/പ്രാദേശിക തലങ്ങളിലും അനുയോജ്യമായ സംവിധാനങ്ങൾ സൃഷ്ടിക്കാവുന്നതാണ്.

(2) സർക്കാർ അല്ലെങ്കിൽ അതിന് അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ രജിസ്റ്ററുകൾ, രേഖകൾ, ഡിജിറ്റൽ രേഖകൾ, അക്കൗണ്ടുകൾ എന്നിവ പരിശോധിക്കാവുന്നതാണ്.

15. സ്വകാര്യതയും വിവരസുരക്ഷയും.—(1) ഈ നിയമപ്രകാരം ശേഖരിക്കുന്ന തൊഴിലാളികളുടെയും തൊഴിലുടമകളുടെയും വ്യക്തിവിവരങ്ങൾ സർക്കാർ നിശ്ചയിക്കുന്ന വിവരസുരക്ഷാ മാനദണ്ഡങ്ങൾ പാലിച്ച് സംരക്ഷിക്കേണ്ടതാണ്.

(2) നിയമപ്രകാരമുള്ള ആവശ്യങ്ങൾക്കല്ലാതെ രജിസ്റ്റർ ചെയ്ത വ്യക്തികളുടെ വിവരങ്ങൾ വെളിപ്പെടുത്തുകയോ ദുരുപയോഗം ചെയ്യുകയോ ചെയ്യരുത്.

(3) വ്യക്തിവിവരങ്ങളുടെ ഉപയോഗം, സംഭരണം, പങ്കുവയ്ക്കൽ എന്നിവ സംബന്ധിച്ച വിശദമായ വ്യവസ്ഥകൾ ചട്ടങ്ങൾ വഴി നിർണ്ണയിക്കാവുന്നതാണ്.

16. തെറ്റായ വിവരങ്ങൾ നൽകുന്നതിനുള്ള നടപടികൾ.—(1) ആരെങ്കിലും മനപ്പൂർവ്വം തെറ്റായ വിവരങ്ങൾ നൽകി രജിസ്ട്രേഷൻ നേടുകയോ, തൊഴിലാളിയെയോ തൊഴിലുടമയെയോ തെറ്റായി പ്രതിനിധീകരിക്കുകയോ ചെയ്താൽ, നിശ്ചിത അധികാരി അത്തരം രജിസ്ട്രേഷൻ സസ്പെൻഡ് ചെയ്യുകയോ റദ്ദാക്കുകയോ ചെയ്യാവുന്നതാണ്.

(2) ഉപവകുപ്പ് (1) പ്രകാരമുള്ള നടപടിക്ക് മുമ്പ് ബന്ധപ്പെട്ട വ്യക്തിക്ക് വിശദീകരണം നൽകാനുള്ള യുക്തിസഹമായ അവസരം നൽകേണ്ടതാണ്.

(3) ചട്ടങ്ങൾ നിർദേശിക്കുന്നതനുസരിച്ച് ഭരണപരമായ പിഴ, താത്കാലിക സസ്പെൻഷൻ, രജിസ്ട്രേഷൻ റദ്ദാക്കൽ തുടങ്ങിയ നടപടികൾ സ്വീകരിക്കാവുന്നതാണ്.

17. അധികാരപ്രതിപാദനം.—ഈ നിയമത്തിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിനായി സർക്കാർ, പൊതുവായോ പ്രത്യേകമായോ ഉത്തരവിലൂടെ, തന്റെ ഏതെങ്കിലും അധികാരങ്ങൾ ചട്ടങ്ങളിൽ പറയുന്ന നിബന്ധനകൾക്ക് വിധേയമായി ബന്ധപ്പെട്ട അധികാരിക്ക് കൈമാറാവുന്നതാണ്.

18. ചട്ടങ്ങൾ നിർമ്മിക്കാനുള്ള അധികാരം.—(1) ഈ നിയമത്തിന്റെ ആവശ്യങ്ങൾ നടപ്പിലാക്കുന്നതിനായി സർക്കാർ ഗസറ്റിൽ വിജ്ഞാപനം പ്രസിദ്ധീകരിച്ച് ചട്ടങ്ങൾ നിർമ്മിക്കാവുന്നതാണ്.

(2) പ്രത്യേകിച്ച്, എന്നാൽ ഇതിലൊതുങ്ങാതെ, താഴെപ്പറയുന്ന കാര്യങ്ങൾക്കായി ചട്ടങ്ങൾ നിർമ്മിക്കാവുന്നതാണ്,—

(അ) രജിസ്ട്രേഷൻ നടപടിക്രമം, ആവശ്യമായ രേഖകൾ, പുതുക്കൽ, റദ്ദാക്കൽ;

(ആ) യൂണിക് തിരിച്ചറിയൽ നമ്പർ അനുവദിക്കുന്ന രീതി;

(ഇ) ഡിജിറ്റൽ പ്ലാറ്റ്ഫോമിന്റെ പ്രവർത്തനം;

(ഈ) തൊഴിലാളികളുടെ ലഭ്യത രേഖപ്പെടുത്തുന്ന രീതി;

(ഉ) തൊഴിലുടമയുടെ രജിസ്ട്രേഷൻ, ബുക്കിംഗ് നടപടിക്രമം;

(ഊ) ഉപയോക്തൃഫീസ്, രസീത്, അക്കൗണ്ടിംഗ് രീതി;

(എ) വേതന മാർഗ്ഗനിർദേശങ്ങൾ;

(ഏ) പരാതിനിവാരണ നടപടി;

(ഐ) രേഖസംരക്ഷണവും ഡാറ്റാ സംരക്ഷണവും;

(ഒ) ഈ നിയമപ്രകാരം നിർദേശിക്കേണ്ട മറ്റ് കാര്യങ്ങൾ.

(3) ഈ നിയമപ്രകാരം നിർമ്മിക്കുന്ന ഓരോ ചട്ടവും, നിർമ്മിച്ചശേഷം സാധ്യമായത്ര വേഗത്തിൽ നിയമസഭ സമ്മേളനത്തിലിരിക്കുമ്പോൾ സഭയുടെ മുമ്പാകെ വയ്ക്കേണ്ടതാണ്.

19. <u>സദുദ്ദേശ്യത്തോടെ ചെയ്ത നടപടികൾക്ക് സംരക്ഷണം</u>.—ഈ നിയമപ്രകാരം അല്ലെങ്കിൽ ഇതിന്റെ ചട്ടങ്ങളനുസരിച്ച് സദുദ്ദേശ്യത്തോടെ ചെയ്തതോ ചെയ്യാൻ ഉദ്ദേശിച്ചതോ ആയ ഏതെങ്കിലും പ്രവൃത്തിക്കെതിരെ സർക്കാർ, തദ്ദേശസ്വയംഭരണ സ്ഥാപനം, അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ, അല്ലെങ്കിൽ വിനിമയ-നിയമന കേന്ദ്രത്തിലെ ഉദ്യോഗസ്ഥൻ എന്നിവർക്കെതിരെ കേസ്, നഷ്ടപരിഹാരാവകാശം, അല്ലെങ്കിൽ മറ്റ് നിയമനടപടി നിലനിൽക്കുന്നതല്ല.

20. <u>ബുദ്ധിമുട്ടുകൾ നീക്കുന്നതിനുള്ള അധികാരം</u>.—ഈ നിയമത്തിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിൽ ബുദ്ധിമുട്ടുകൾ ഉണ്ടായാൽ, ഈ നിയമത്തിന്റെ വ്യവസ്ഥകൾക്ക് വിരുദ്ധമല്ലാത്ത വിധത്തിൽ അത്തരം ബുദ്ധിമുട്ടുകൾ നീക്കുന്നതിനായി സർക്കാർ ഉത്തരവുകൾ പുറപ്പെടുവിക്കാവുന്നതാണ്:

എന്നാൽ, ഈ നിയമം പ്രാബല്യത്തിൽ വന്ന തീയതി മുതൽ രണ്ട് വർഷം കഴിഞ്ഞ ശേഷം ഇത്തരത്തിലുള്ള ഉത്തരവ് പുറപ്പെടുവിക്കരുത്.

## ഉദ്ദേശ്യകാരണങ്ങളുടെ വിവരണം

കേരളത്തിൽ കാർഷികം, ഹോട്ടൽ-കാറ്ററിംഗ്, ടെക്സ്റ്റൈൽസ്, വ്യാപാര സ്ഥാപനങ്ങൾ, കെട്ടിടനിർമാണം, റോഡ് നിർമ്മാണം, അറ്റകുറ്റപ്പണി, ശുചീകരണം, മത്സ്യബന്ധന-വിപണന മേഖലകൾ, ചെറുകിട വ്യവസായം തുടങ്ങി അനേകം മേഖലകളിൽ വലിയ

തോതിൽ തൊഴിലാളികൾ സേവനമനുഷ്ഠിക്കുന്നു. സംസ്ഥാനത്തിനകത്തുള്ള തൊഴിലാളികളോടൊപ്പം അന്യസംസ്ഥാന തൊഴിലാളികളും ഈ മേഖലകളിൽ ഗണ്യമായ സാന്നിധ്യമുണ്ട്.

എന്നിരുന്നാലും, തൊഴിലാളികൾ ലഭ്യമായിരിക്കുമ്പോഴും തൊഴിലുടമകൾക്ക് അവരെ സമയബന്ധിതമായി കണ്ടെത്താനാകാത്തതും, തൊഴിലാളികൾക്ക് തങ്ങൾ ജോലിക്ക് ലഭ്യമാണെന്ന് ഔദ്യോഗികമായി രേഖപ്പെടുത്താനും തൊഴിൽ അവസരങ്ങൾ കണ്ടെത്താനും ഫലപ്രദമായ ഏകീകൃത സംവിധാനമില്ലാത്തതും മൂലം, പല തൊഴിലാളികൾക്കും തൊഴിൽരഹിത ദിവസങ്ങൾ ഉണ്ടാകുന്നു. മറുവശത്ത്, തൊഴിലുടമകൾക്ക് ആവശ്യമായ സമയത്ത് തൊഴിലാളികളെ കണ്ടെത്തുന്നതിൽ ബുദ്ധിമുട്ട് നേരിടേണ്ടിവരുന്നു. ഉത്സവകാലങ്ങൾ, ആഘോഷവേളകൾ, സീസണൽ തൊഴിൽ ആവശ്യം കൂടുന്ന സാഹചര്യങ്ങൾ എന്നിവയിൽ ഈ പ്രശ്നം കൂടുതൽ രൂക്ഷമാകുന്നു.

ഈ സാഹചര്യത്തിൽ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പരിധിയിൽ തൊഴിലാളികളുടെ രജിസ്ട്രേഷൻ, അവർക്കായി യൂണിക് തിരിച്ചറിയൽ നമ്പർ അനുവദിക്കൽ, തൊഴിലാളികളുടെ തൊഴിൽസന്നദ്ധതയും ലഭ്യതയും രേഖപ്പെടുത്തൽ, തൊഴിലുടമകൾക്ക് ഡിജിറ്റൽ പ്ലാറ്റ്ഫോം വഴി തൊഴിലാളികളെ കണ്ടെത്തി നിയമിക്കാനുള്ള സൗകര്യം ഒരുക്കൽ, ഉപയോക്തൃഫീസ്, വേതന മാർഗ്ഗനിർദേശങ്ങൾ, അറിയിപ്പ്-പരാതിനിവാരണ സംവിധാനങ്ങൾ എന്നിവയ്ക്ക് നിയമപരമായ അടിസ്ഥാനം സൃഷ്ടിക്കുക എന്ന ലക്ഷ്യത്തോടെ ഈ ബിൽ അവതരിപ്പിക്കുന്നു.അതുകൊണ്ടാണ് ഈ ബിൽ.

## ധനകാര്യമെമ്മോറാണ്ടം

ഈ ബിൽ നിയമമായാൽ, സംസ്ഥാനതല ഡിജിറ്റൽ പ്ലാറ്റ്ഫോം വികസിപ്പിക്കൽ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ അവിദഗ്ധ തൊഴിലാളി വിനിമയ-നിയമന കേന്ദ്രങ്ങൾ പ്രവർത്തിപ്പിക്കൽ, രജിസ്ട്രേഷൻ, അറിയിപ്പ്, ഡാറ്റാ പരിപാലനം, പരാതിനിവാരണ സംവിധാനം, ആവശ്യമായ ജീവനക്കാരെയും സാങ്കേതിക അടിസ്ഥാന സൗകര്യങ്ങളെയും ഏർപ്പെടുത്തൽ എന്നിവയ്ക്കായി സംസ്ഥാന സർക്കാരിന് ചെലവുകൾ വരാൻ ഇടയുണ്ട്. എന്നിരുന്നാലും, ഈ ബിൽ ഏതെങ്കിലും നിർദ്ദിഷ്ട തുക നേരിട്ട് സംയോജിതനിധിയിൽ നിന്ന് വിനിയോഗിക്കണമെന്ന് നിർദ്ദേശിക്കുന്നില്ല. ഇതുമായി ബന്ധപ്പെട്ട കൃത്യമായ സാമ്പത്തിക ബാധ്യത സർക്കാർ പിന്നീട് ചട്ടങ്ങൾ, ഭരണാനുമതികൾ, പദ്ധതികൾ, ബജറ്റ് വകയിരുത്തലുകൾ എന്നിവയുടെ അടിസ്ഥാനത്തിൽ നിർണ്ണയിക്കേണ്ടതാണ്.

## ഏൽപ്പിച്ചുകൊടുത്ത നിയമനിർമ്മാണാധികാരം സംബന്ധിച്ച മെമ്മോറാണ്ടം

ഈ ബില്ലിലെ 18-ാം വകുപ്പ് പ്രകാരം, നിയമത്തിന്റെ ആവശ്യങ്ങൾ നടപ്പിലാക്കുന്നതിനായി സർക്കാർ ചട്ടങ്ങൾ നിർമ്മിക്കാനുള്ള അധികാരം നൽകിയിരിക്കുന്നു. രജിസ്ട്രേഷൻ നടപടിക്രമം, യൂണിക് തിരിച്ചറിയൽ നമ്പർ അനുവദിക്കുന്ന രീതി, ഡിജിറ്റൽ പ്ലാറ്റ്ഫോമിന്റെ പ്രവർത്തനം, തൊഴിലാളികളുടെ ലഭ്യത രേഖപ്പെടുത്തൽ, തൊഴിലുടമയുടെ രജിസ്ട്രേഷൻ, ബുക്കിംഗ് നടപടിക്രമം, ഉപയോക്തൃഫീസ്, രേഖസംരക്ഷണം, പരാതിനിവാരണ സംവിധാനം, ഡാറ്റാ സംരക്ഷണം തുടങ്ങിയ കാര്യങ്ങൾ വിശദമായി ചട്ടങ്ങൾ വഴി നിർണ്ണയിക്കേണ്ട സ്വഭാവമുള്ളവയാണ്. അതിനാൽ ഈ വിഷയങ്ങളിൽ സർക്കാരിന് ചട്ടനിർമ്മാണ അധികാരം നൽകുന്നത് സാധാരണ സ്വഭാവത്തിലുള്ളതും ഉചിതവുമാണ്.

## വകുപ്പുവാരിയായ കുറിപ്പുകൾ

വകുപ്പ് 1.—നിയമത്തിന്റെ ഹ്രസ്വശീർഷകം, വ്യാപ്തി, പ്രാബല്യം എന്നിവ വ്യക്തമാക്കുന്നു.

വകുപ്പ് 2.—ബില്ലിൽ ഉപയോഗിച്ചിരിക്കുന്ന പ്രധാന പദങ്ങൾക്ക് നിർവചനങ്ങൾ നൽകുന്നു.

വകുപ്പ് 3.—ഗ്രാമപഞ്ചായത്ത്, മുനിസിപ്പാലിറ്റി, മുനിസിപ്പൽ കോർപ്പറേഷൻ തലങ്ങളിൽ തൊഴിലാളി വിനിമയ-നിയമന കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിന് വ്യവസ്ഥ ചെയ്യുന്നു.

വകുപ്പ് 4.—തൊഴിലാളികളുടെ രജിസ്ട്രേഷൻ, അപേക്ഷയിൽ ഉൾപ്പെടുത്തേണ്ട വിവരങ്ങൾ, യൂണിക് തിരിച്ചറിയൽ നമ്പർ അനുവദിക്കൽ എന്നിവ സംബന്ധിച്ച വ്യവസ്ഥകളാണ്.

വകുപ്പ് 5.— ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനവും രജിസ്റ്റർ ചെയ്ത തൊഴിലാളികളുടെ ഡിജിറ്റൽ രജിസ്റ്റർ പരിപാലിക്കേണ്ടതിനെ കുറിച്ചാണ്.

വകുപ്പ് 6.—സംസ്ഥാനതല ഡിജിറ്റൽ പ്ലാറ്റ്ഫോം വികസിപ്പിക്കുകയും പരിപാലിക്കുകയും ചെയ്യുന്നതിനുള്ള വ്യവസ്ഥയാണ്.

വകുപ്പ് 7.—രജിസ്റ്റർ ചെയ്ത തൊഴിലാളി ജോലിക്ക് സന്നദ്ധനാണെന്ന് കേന്ദ്രത്തെ അറിയിക്കുന്ന രീതി വ്യക്തമാക്കുന്നു.

വകുപ്പ് 8.—തൊഴിലുടമയുടെ രജിസ്ട്രേഷനും തൊഴിലാവശ്യങ്ങൾ രേഖപ്പെടുത്തുന്നതും സംബന്ധിച്ച വ്യവസ്ഥകളാണ്.

വകുപ്പ് 9.—തൊഴിലാളികളെ തിരഞ്ഞെടുക്കൽ, ബുക്കിംഗ്, ജോലി വിവരം കൈമാറൽ എന്നിവ സംബന്ധിച്ച വ്യവസ്ഥകളാണ്.

വകുപ്പ് 10.—ഡിജിറ്റൽ പ്ലാറ്റ്ഫോം/വിനിമയ കേന്ദ്രം വഴിയുള്ള സേവനങ്ങൾക്ക് ഉപയോക്തൃഫീസ് ഈടാക്കാനുള്ള വ്യവസ്ഥയാണ്.

വകുപ്പ് 11.—വേതന മാർഗ്ഗനിർദേശങ്ങൾ, പ്രതിഫലം നൽകുന്ന രീതി, രസീത്, രേഖസംരക്ഷണം എന്നിവ സംബന്ധിച്ച വ്യവസ്ഥകളാണ്.

വകുപ്പ് 12.— രജിസ്റ്റർ ചെയ്ത തൊഴിലാളികളുടെ അവകാശങ്ങൾ വ്യക്തമാക്കുന്നു.

വകുപ്പ് 13.—പരാതിനിവാരണ സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള വ്യവസ്ഥയാണ്.

വകുപ്പ് 14.—നിയമത്തിന്റെ നടപ്പാക്കൽ നിരീക്ഷണത്തിനും പരിശോധനയ്ക്കുമായി സർക്കാർ സംവിധാനങ്ങൾ സൃഷ്ടിക്കുന്നതിനുള്ള വ്യവസ്ഥയാണ്.

വകുപ്പ് 15.—തൊഴിലാളികളുടെയും തൊഴിലുടമകളുടെയും വിവരങ്ങളുടെ സ്വകാര്യതയും വിവരസുരക്ഷയും ഉറപ്പാക്കുന്നതിന് വ്യവസ്ഥ ചെയ്യുന്നു.

വകുപ്പ് 16.—തെറ്റായ വിവരങ്ങൾ നൽകി രജിസ്ട്രേഷൻ നേടൽ തുടങ്ങിയ സാഹചര്യങ്ങളിൽ ഭരണപരമായ നടപടികൾ സ്വീകരിക്കുന്നതിനുള്ള വ്യവസ്ഥയാണ്.

വകുപ്പ് 17.—സർക്കാർക്ക് നിർദ്ദിഷ്ട അധികാരങ്ങൾ ബന്ധപ്പെട്ട അധികാരികൾക്ക് കൈമാറാനുള്ള അധികാരം നൽകുന്നു.

വകുപ്പ് 18.—നിയമത്തിന്റെ ആവശ്യങ്ങൾ നടപ്പിലാക്കുന്നതിനായി സർക്കാർ ചട്ടങ്ങൾ നിർമ്മിക്കാനുള്ള അധികാരം നൽകുന്നു.

വകുപ്പ് 19.—സദുദ്ദേശ്യത്തോടെ ചെയ്ത നടപടികൾക്ക് നിയമപരമായ സംരക്ഷണം നൽകുന്നു.

വകുപ്പ് 20.—നിയമം നടപ്പിലാക്കുന്നതിൽ ബുദ്ധിമുട്ടുകൾ ഉണ്ടായാൽ സർക്കാർ ഉത്തരവിലൂടെ അവ നീക്കാനുള്ള അധികാരം നൽകുന്നു.

**കുറുക്കോളി മൊയ്തീൻ, എം.എൽ.എ.**